# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.272 | 12.12.2014 - ൽ മറുപടിയ്ക്ക് |
|---|---|
| അട്ടപ്പാടിയിലെ ആദിവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എ.കെ.ബാലൻ<br>,, കെ.രാധാകൃഷ്ണൻ<br>,, കെ.വി.വിജയദാസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടിയിലെ ആദിവാസികൾക്ക് വകുപ്പ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (എ) അട്ടപ്പാടിയിൽ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺ കുട്ടികൾ, സമൂഹത്തിൽ പരിരക്ഷ ആവശ്യമുള്ള വയോജനങ്ങൾ, ശയ്യാവലംബർ, ഭിന്നശേഷിയുള്ളവർ, എന്നിവർക്ക് ഇതിന്റെ സേവനം ലഭ്യമാകുന്നു. |
| (ബി) പ്രസ്തുത പദ്ധതികളൊക്കെ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) ഭക്ഷണം പാകം ചെയ്തു നൽകുന്ന ഗ്രൂപ്പുകളിലെ അഭിപ്രായവ്യത്യാസം കാരണം ചില കമ്മ്യൂണിറ്റി കിച്ചണുകൾ ഇടയ്ക്ക് പ്രവർത്തനരഹിതമായിരുന്നു. കുടുംബശ്രീ മിഷനുമായി ചേർന്ന് ടി പ്രവർത്തനങ്ങൾ ഇപ്പോൾ ഫലവത്തായി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) അനുവദിക്കുന്ന സഹായം അർഹരായവർക്ക് യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ; | (സി) ഉണ്ട്. അനുവദിക്കുന്ന സഹായം യഥാസമയം നൽകി വരുന്നു. |

| | |
|---|---|
| (ഡി) എങ്കിൽ അട്ടപ്പാടിയിൽ ആദിവാസികൾക്ക് നടപ്പ് സാമ്പത്തിക വർഷം വകുപ്പിൽ നിന്നും ലഭ്യമാക്കിയ സഹായം സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) അന്നപ്രദായിനി പദ്ധതിക്കായി 2014-15 വർഷത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>17.06.2014- 50,00,000/- രൂപ<br>30.07.2014 - 74,36,066/- രൂപ<br>28.10.2014 - 50,00,000/- രൂപ<br>12.11.2014 - 50,00,000/- രൂപ<br>ആകെ - 2,24,36,066/- രൂപ<br>കൂടാതെ അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്ക് 2 മഹീന്ദ്രാ ജീപ്പുകൾ വാങ്ങുന്നതിന് 11,51,852/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ